"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജ്, കുന്നിക്കോട് പി. ഒ., സരസ്വതി ഭവനിൽ ശ്രീ. സി. ആർ. പ്രകാശിന്റെ ബാദ്ധ്യതയായ, പറമ്പിക്കുളം ഡിവിഷനിലെ തേക്ക് കഴകളുടെ പുനർലേലത്തിലുണ്ടായ, സർക്കാർ നഷ്ടം, പലിശ, പിഴപ്പലിശ തുടങ്ങിയവയും റവന്യൂ റിക്കവറി നടപടികളും ഒഴിവാക്കി, ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.337/2020/വനം** തീയതി,തിരുവനന്തപുരം, 31/12/2020

---

പരാമർശം:- 1 ശ്രീ. സി. ആർ. പ്രകാശ് 8/5/2018-ൽ ബഹു. വനം വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം

2 ശ്രീ. സി. ആർ. പ്രകാശ്, പാലക്കാട് അഡീഷണൽ സബ്കോർട്ട് മുമ്പാകെ ഫയൽ ചെയ്ത OS No. 10/2019 നമ്പർ കേസ്

3 ശ്രീ. സി. ആർ. പ്രകാശ് 2/7/2019-ൽ സമർപ്പിച്ച നിവേദനം

4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 24/4/2018, 23/10/2020 തീയതികളിലെ പ്രൊ(5)-26855/2013 നമ്പർ കത്തുകൾ

ഉത്തരവ്

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ കുന്നിക്കോട് പി. ഒ., സരസ്വതി ഭവനിൽ, ശ്രീ. സി. ആർ. പ്രകാശ് പറമ്പിക്കുളം ഡിവിഷനിലെ പറമ്പിക്കുളം റെയിഞ്ചിൽ വച്ച് 14.03.1997-ൽ ലേലംകൊണ്ട തേക്ക് കഴകൾ, ലേല നിബന്ധനപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ ബാക്കി തുകയും നികുതികളും ഒടുക്കി നീക്കം ചെയ്യാത്തതിനെത്തുടർന്ന് ടി തേക്ക് കഴകൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 12.10.1999-ൽ പറമ്പിക്കുളം റെയിഞ്ചിൽ വച്ച് പുനർലേലം നടത്തിയിരുന്നു. ടി പുനർലേലത്തിൽ സർക്കാരിന് 7,34,872/- രൂപ (ഏഴ് ലക്ഷത്തി മുപ്പത്തിനാലായിരത്തി എണ്ണൂറ്റി എഴുപത്തിരണ്ട് രൂപാ മാത്രം) നഷ്ടമുണ്ടായതായി കണക്കാക്കുകയും ടി തുക ടിയാൻ ഒടുക്കാത്തതിനെത്തുടർന്ന് ടിയാനെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിക്കുകയും ചെയ്തു. എന്നാൽ സർക്കാരിന്റെ യഥാർത്ഥ നഷ്ടം 5,75,849/- രൂപയാണെന്നും (അഞ്ച് ലക്ഷത്തി എഴുപത്തയ്യായിരത്തി എണ്ണൂറ്റി നാല്പത്തൊൻപത് രൂപാ മാത്രം) ആയത് അടയ്ക്കുന്നതിന് തയ്യാറാണെന്നും സർക്കാരിനെതിരെയുള്ള കേസുകൾ പിൻവലിക്കാൻ സമ്മതമാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകണമെന്നും ശ്രീ. സി. ആർ. പ്രകാശ്,

പരാമർശം (1) പ്രകാരം, അഭ്യർത്ഥിക്കുകയുണ്ടായി.

2. പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുള്ളത് ലേല നിബന്ധന പ്രകാരമാണെന്നും ആയത് പ്രകാരം ടി 7,34,872/- രൂപ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ടെന്നും എന്നാൽ നിവേദനത്തിൽ ടിയാൻ 5,75,849/- രൂപയാണ് യഥാർത്ഥ നഷ്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് വിൽപന വിലയിലുണ്ടായ അന്തരം മാത്രമാണെന്നും എന്നാൽ, പുനർലേലം നടത്തിയത് രണ്ടര വർഷം കഴിഞ്ഞിട്ടായതിനാലും കഴയിനത്തിൽപ്പെട്ട ഉൽപന്നങ്ങളായിരുന്നതിനാലും സർക്കാരിനെതിരെയുള്ള കേസുകൾ പിൻവലിക്കാൻ തയ്യാറാണെന്ന് ടിയാൻ അറിയിച്ച സാഹചര്യത്തിലും, ഇത് ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച്, പലിശ, പിഴപ്പലിശ തുടങ്ങിയവ ഒഴിവാക്കി ബാക്കി തുകയായ 5,77,849/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തേഴായിരത്തി എണ്ണൂറ്റി നാൽപ്പത്തൊൻപത് രൂപ മാത്രം) അടയ്ക്കാൻ ഉത്തരവാകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), പരാമർശം (4) പ്രകാരം, ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പറമ്പിക്കുളം ഡിവിഷനിലെ പറമ്പിക്കുളം റെയിഞ്ചിൽ 12.10.1999-ൽ നടന്ന പുനർലേലത്തിനുശേഷം ഇപ്പോൾ 23 വർഷം കഴിഞ്ഞതിനാൽ ഈ കേസ് തീർപ്പാക്കിയില്ലെങ്കിൽ രൂപയുടെ മൂല്യശോഷണത്താൽ സർക്കാരിന് വീണ്ടും നഷ്ടം സംഭവിക്കുമെന്ന സാഹചര്യം കണക്കിലെടുത്തും പരാമർശം 2)-ലെ കേസ്സ് ഉൾപ്പെടെ സർക്കാരിനെതിരെ ഫയൽ ചെയ്തിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുമെന്ന് ശ്രീ. സി. ആർ. പ്രകാശ് പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിലും, അപ്രകാരം കേസുകൾ പിൻവലിക്കുന്നപക്ഷം, സർക്കാരിനുണ്ടായ നഷ്ടത്തിൽ ഒന്നാം മാസത്തെ പിഴപ്പലിശ ഇനത്തിൽ 17,475/- രൂപ, രണ്ടാം മാസത്തെ പിഴപ്പലിശ ഇനത്തിൽ 23,300/- രൂപ, സർചാർജ്ജ് ഇനത്തിൽ 583/- രൂപ, ഒന്നാം മാസത്തെ തറവാടക ഇനത്തിൽ 132/- രൂപ, രണ്ടാം മാസത്തെ തറവാടക ഇനത്തിൽ 264/- രൂപ, എഫ്.ഡി.റ്റി ഇനത്തിൽ 28,792/- രൂപ, സെയിൽസ് ടാക്സ് ഇനത്തിൽ 57,685/- രൂപ, ഇൻകം ടാക്സ് ഇനത്തിൽ 28,792/- രൂപ എന്നിവ ഒഴിവാക്കി, ബാക്കി തുകയായ 5,77,849/-രൂപ (അഞ്ച് ലക്ഷത്തി എഴുപത്തേഴായിരത്തി എണ്ണൂറ്റി നാല്പത്തൊൻപത് രൂപ മാത്രം) അടയ്ക്കുന്നതിന് ടിയാന് അനുമതി നൽകിക്കൊണ്ടും, ടിയാൻ ഫയൽ ചെയ്ത കേസ്സുകൾ പിൻവലിച്ചുവെന്നും തുക ഒടുക്കിയെന്നും രേഖാമൂലം ഉറപ്പ് വരുത്തിയശേഷം, ടിയാനെതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) , ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.

ശ്രീ. സി. ആർ. പ്രകാശ് , സരസ്വതി ഭവൻ , കുന്നിക്കോട് (പി. ഒ.) , വിളക്കുടി വില്ലേജ്,

File No.FWLD-B2/109/2018-FWLD

പത്തനാപുരം, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(അഗ്രി-സി2/61/2018-ഫിൻ തീയതി, 9/12/2020 പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by PADMINI K S
Date: 2020.12.31 12:17:39 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.